**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - താനൂർ നിയോജക മണ്ഡലം - രണ്ട് പ്രവൃത്തികൾ - ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.2714 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 04.08.2017**

വായന:- (1) 11/06/2012 ലെ സ.ഉ. (സാധാ)നം. 332/12/ധന നം. ഉത്തരവ്

(2) ശ്രീ. വി. അബ്ദുറഹ്മാൻ എം.എൽ.എ യുടെ കത്ത്

(3) തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.07.2017 ലെ ഡിബി4-5047/17/സി.ഇ/ത.സ്വ.ഭ.വ. നമ്പർ കത്ത്

**ഉത്തരവ്**

താനൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. വി. അബ്ദുറഹ്മാൻ എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന രണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആകെ അടങ്കൽ തുകയായ 35,00,000/- രൂപയുടെ (മുപ്പത്തിഅഞ്ച് ലക്ഷം രൂപ മാത്രം ) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താനൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. വി. അബ്ദുറഹ്മാൻ എം.എൽ.എ-യുടെ 2016-17-ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന രണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 35,00,000/- രൂപ (മുപ്പത്തിഅഞ്ച് ലക്ഷം രൂപ മാത്രം ) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ. നം. | പ്രൊജക്ട് ഐ.ഡി. | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 967 | ഒഴൂർ പഞ്ചായത്തിലെ ആറാം വാർഡിലെ ഐ.എച്ച്.ഡി.പി.കോളനി തറമ്മൽ പടി റോഡ് നവീകരണം | ഒഴൂർ | 10 |
| 2 | 968 | ചെറിയമുണ്ടം പഞ്ചായത്തിലെ 14,15 | ചെറിയമുണ്ടം | 25 |

| | | | | |
|---|---|---|---|---|
| | | വാർഡുകളിൽപ്പെട്ട 530 മീറ്റർ നീളമുള്ള നെല്ലിക്കാട് (തിരൂർ റോഡ്) നിന്നും ചെറിയമുണ്ടം ഹൈസ്കൂൾ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് | | |
| | | | ആകെ തുക | 35 |

3) ആയത് സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.വി.അബ്ദുറഹ്മാൻ എം.എൽ.എ, താനൂർ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, *ഒഴൂർ* ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, *ചെറിയമുണ്ടം* ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം.347/എൻ.സി.സി1/2017-ധന തീയതി 29.07.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ